പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4353

26/06/2014 – ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

## എൽ.പി. എസ്.എ./യു.പി. എസ്.എ നിയമനം

**ചോദ്യം**

ശ്രീ. എം. ഹംസ

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിലുള്ള എൽ.പി. എസ്.എ./യു.പി.എസ്.എ റാങ്ക്ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; ഏതെല്ലാം ജില്ലകളിലാണ് റാങ്ക്ലിസ്റ്റ് നിലവിലുള്ളത്; ഓരോന്നിൽ നിന്നും നിയമനം നൽകിയവരുടെ വിശദാംശം നൽകാമോ;

(എ) സംസ്ഥാനത്ത് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ആകെ എൽ.പി.എസ്.എ. 1179 ഉം, യു.പി. എസ്.എ. 657 ഉം നിയമനം നല്കി. എല്ലാ ജില്ലകളിലും റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയവരുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:-

| ജില്ല | എൽ. പി. എസ്.എ. | യു.പി. എസ്.എ |
|---|---|---|
| തിരുവനന്തപുരം | 47 | 55 |
| കൊല്ലം | 39 | 61 |
| ആലപ്പുഴ | 74 | 36 |
| പത്തനംതിട്ട | 60 | 14 |
| കോട്ടയം | 38 | 16 |
| ഇടുക്കി | 116 | 89 |
| എറണാകുളം | 60 | 10 |
| തൃശ്ശൂർ | 12 | 19 |
| പാലക്കാട് | 55 | 40 |
| മലപ്പുറം | 444 | 202 |
| കോഴിക്കോട് | 73 | 11 |
| വയനാട് | 53 | 59 |
| കണ്ണൂർ | 26 | 11 |
| കാസർഗോഡ് | 82 | 34 |
| | 1179 | 657 |
| ആകെ = 1179+657 = 1836 | | |

| | | | |
|---|---|---|---|
| (ബി) | സർക്കാർ എൽ.പി./യു.പി. സ്കൂളുകളി ലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. സർക്കാർ എൽ.പി./യു.പി. സ്കൂളുകളിലുണ്ടാകുന്ന ഒഴിവുകളുടെ നിശ്ചിത വിഹിതം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. എന്നാൽ 2014-15 ലെ ഒഴിവുകൾ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാ യതിനുശേഷം മാത്രമേ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധി ക്കുകയുള്ളൂ. |
| (സി) | വിദ്യാഭ്യാസ അവകാശ നിയമം നട പ്പിലാക്കിയ സംസ്ഥാനം എന്ന നില യിൽ അതിനനുസൃതമായി എന്തെല്ലാം മാറ്റങ്ങളാണ് പ്രസ്തുത മേഖലയിൽ വരുത്തിയതെന്ന് വ്യക്തമാക്കാമോ; | (സി) | വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ 06/05/2011 നാണ് നടപ്പിലായത്. ഇതിനനുസൃതമായി നമ്മുടെ വിദ്യാലയങ്ങളിൽ ഘടനപരമായ വ്യതിയാനങ്ങൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കൽ, അദ്ധ്യാപകർക്ക് ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് യോഗ്യത നിർബന്ധമാക്കൽ, നിശ്ചിത എണ്ണം കുട്ടികളുള്ള പ്രൈമറി വിദ്യാലയങ്ങളിലെ പ്രഥമാധ്യാപകരെ ക്ലാസ്സ് ചാർജ്ജിൽ നിന്ന് ഒഴിവാക്കൽ, തുടങ്ങി നിരവധി മാറ്റങ്ങൾ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമാണ്. |
| (ഡി) | സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നു മാത്രം നിയമനം നടത്തുന്നു എന്ന് ഉറപ്പുവരുത്തുമോ; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദീകരിക്കാമോ? | (ഡി) | നിയമപ്രകാരം അതാതു വർഷങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ നിശ്ചിത വിഹിതം പി.എസ്.സി. നിയമനം വഴിയും, അന്തർജില്ലാ സ്ഥലംമാറ്റം, തസ്തികമാറ്റം എന്നിവ വഴിയും നിക ത്തുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ